**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പയ്യന്നൂർ നഗരസഭയ്ക്ക് ദാനാധാര പ്രകാരം ലഭിച്ച 90 സെന്റ് വസ്തു വൈജ്ഞാനിക സമുച്ചയം നിർമ്മിക്കുന്നതിനായി നിയന്ത്രിത അനുമതിയോടെ വിനോദസഞ്ചാര വകുപ്പിന് വിട്ടുനൽകുവാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.154/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 27/07/2021

പരാമർശം :-1) 06/02/2020 ലെ നഗരകാര്യ ഡയറക്ടറുടെ G3 1776/2021 നമ്പർ റിപ്പോർട്ട്

2) 18/01/2021 ലെ പയ്യന്നൂർ നഗരസഭ കൗൺസിൽ യോഗത്തിലെ 38-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

പയ്യന്നൂർ നഗരസഭാ പരിധിയിൽ വെള്ളൂർ വില്ലേജിൽ സർവ്വേ നമ്പർ 359/32, 359/27 ൽ ഉൾപ്പെട്ട 90 സെന്റ് വസ്തുവിൽ സ്ഥിതി ചെയ്യുന്ന പ്രാദേശിക വാനനിരീക്ഷണ കേന്ദ്രത്തോട് ചേർന്ന് പ്ലാനറ്റോറിയം, 5D തിയേറ്റർ, സയൻസ് പാർക്ക് എന്നിവ ഉൾപ്പെടെ ഉള്ള വൈജ്ഞാനിക സമുച്ചയ നിർമ്മാണത്തിന് വിനോദ സഞ്ചാര വകുപ്പ് 10 കോടി രൂപയുടെ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്നും, നിലവിലുള്ള പ്രാദേശിക വാനനിരീക്ഷണ കേന്ദ്രം സ്ഥിതി ചെയ്യുന്ന പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ വില്ലേജിൽ സർവ്വേ നമ്പർ 359/32, 359/27 ൽ ഉൾപ്പെട്ട 90 സെന്റ് സ്ഥലം ദാനാധാര പ്രകാരം പയ്യന്നൂർ നഗരസഭ സെക്രട്ടറിയുടെ പേരിൽ കൈമാറിയിട്ടുള്ളതാണെന്നും ടി ഭൂമി നിയന്ത്രിത അനുമതിയോടെ വിനോദ സഞ്ചാര വകുപ്പിന് വിട്ടു നൽകുന്നതിന് പരാമർശം (2) പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതായും ടി ഭൂമി "പുരയിടം" തരത്തിൽ ഉൾപ്പെട്ടതാണെന്നും പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 215-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ, മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ അതിനു പുറത്തോ ഉള്ള ഭൂമിയോ കെട്ടിടമോ ആയ ഏതെങ്കിലും വസ്തു, ഒരു പൊതു ആവശ്യത്തിനായി എന്തെങ്കിലും സംവിധാനമോ സൗകര്യമോ നൽകുന്നതിനുവേണ്ടി ആർജ്ജിക്കുകയോ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അതിന്റെ വകയായ ഏതൊരു വസ്തുവും കയ്യൊഴിയുകയോ ചെയ്യാവുന്നതാണ്. പ്ലാനറ്റോറിയം, 5D തിയേറ്റർ, സയൻസ് പാർക്ക് എന്നിവ ഉൾപ്പെട്ട വൈജ്ഞാനിക സമുച്ചയ നിർമ്മാണം ഒരു പൊതു ആവശ്യമാണെന്ന് കാണുന്നു.

പയ്യന്നൂർ നഗരസഭയ്ക്ക് ദാനാധാര പ്രകാരം ലഭിച്ച വെള്ളൂർ വില്ലേജിൽ സർവ്വേ നമ്പർ 359/32, 359/27 ൽ ഉൾപ്പെട്ട 90 സെന്റ് ഭൂമി, പരാമർശം (1), (2)

എന്നിവയുടെ അടിസ്ഥാനത്തിലും ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായും, പ്ലാനറ്റോറിയം, 5D തിയേറ്റർ, സയൻസ് പാർക്ക് എന്നിവ ഉൾപ്പെട്ട വൈജ്ഞാനിക സമുച്ചയം നിർമ്മിക്കുന്നതിനായി നിയന്ത്രിത അനുമതിയോടെ വിനോദസഞ്ചാര വകുപ്പിന് വിട്ടുനൽകുവാൻ പയ്യന്നൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു:

1) വസ്തുവിന്റെ ഉടമസ്ഥത നഗരസഭയ്ക്ക് ആയിരിക്കുന്നതാണ്.
2) കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള വിനിയോഗാവകാശം ടൂറിസം വകുപ്പിന് കൈമാറാവുന്നതാണ്.
3) കൈമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ പയ്യന്നൂർ നഗരസഭയ്ക്ക് നിശ്ചയിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് പയ്യന്നൂർ നഗരസഭയും, ടൂറിസം വകുപ്പും കരാറിൽ ഏർപ്പെടേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ.പി**

**ഡെപ്യൂട്ടി സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, പയ്യന്നൂർ നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, കണ്ണൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.4150/OPINION D3/2021/LAW പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ വകുപ്പ് (REV P3/55/2021/REV പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി1/14/2021/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

Bindu T

സെക്ഷൻ ഓഫീസർ